**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2269** **12-02-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്ന ആരോഗ്യ കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം മുഖേന നടന്നു വരുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. മറ്റ് പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>1. സാമൂഹികാരോഗ്യകേന്ദ്രം, വടവുകോട് :<br>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 1.75 കോടി രൂപയുടെ ഐസൊലേഷൻ വാർഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (TDC) ആണ്.<br>കുന്നത്തുനാട് നിയോജക മണ്ഡലം മുൻ എം.എൽ.എ.യുടെ 2018-19 സാമ്പത്തിക വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ടെൻഡർ സേവിംഗ്സ് ഇനത്തിൽ ലഭ്യമായ 52 ലക്ഷം രൂപ ഉപയോഗിച്ച് നിലവിലുള്ള ഒ.പി. കെട്ടിടത്തിനു മുകളിൽ ഒന്നാം നിലയുടെ നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി LSGD എറണാകുളം ഡിവിഷൻ ആണ്.<br>സാമൂഹികാരോഗ്യകേന്ദ്രം, വടവുകോട് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനുള്ള തറ കെട്ടി, മേൽക്കൂര നിർമ്മിക്കുന്നതിനുവേണ്ടി ട്രസ്സ് ജോലികൾ പൂർത്തിയായിട്ടുണ്ട്. ഒ.പി. കെട്ടിടത്തിനു മുകളിൽ ഒന്നാം നിലയുടെ നിർമ്മാണം 95% പൂർത്തികരിച്ചിട്ടുണ്ട്.<br><br>2. സാമൂഹികാരോഗ്യകേന്ദ്രം, മലയിടംതുരുത്ത് :<br>നിലവിലുള്ള ഒ.പി. ബ്ലോക്കിൻറെ ഫസ്റ്റ് ഫ്ലോർ നിർമ്മാണ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ നോൺ-റോഡ് മെയിൻറനൻസ് ഫണ്ടായ 5,71,674/- രൂപ ഉപയോഗിച്ചും, വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് ബി.പി.സി.എൽ.ന്റെ സി.എസ്.ആർ. ഫണ്ടായ 48,82,203/- രൂപ ഉപയോഗിച്ചും |

പൂർത്തീകരിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണ്.
വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ ഹെൽത്ത് ഗ്രാൻറ് വഴി 9 ലക്ഷം രൂപ ഉപയോഗിച്ച് ലാബ് നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണ്.

3. കുടുംബാരോഗ്യകേന്ദ്രം, തിരുവാണിയൂർ:
തിരുവാണിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിനു കീഴിലുള്ള ഫാമിലി വെൽഫെയർ സെൻറർ തിരുവാണിയൂരിനു വേണ്ടി 15ാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാൻറ് മുഖേന ഒന്നാം ഗഡുവായി 27.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ LSGD അസിസ്റ്റന്റ് എഞ്ചിനീയർ ആണ്. പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ നടന്നുവരുന്നു.

4. കുടുംബാരോഗ്യകേന്ദ്രം, കുമാരപുരം :
കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം (ഒ.പി. / ലാബ് / ഒബ്സർവേഷൻ) നിർമ്മിക്കുന്നതിനുള്ള അടങ്കൽ തുക 3 കോടി രൂപയാണ്. പ്രസ്തുത പ്രവൃത്തിയ്ക്ക് എം.എൽ.എ. യുടെ ഫണ്ടിൽ നിന്നും 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പെരുമ്പാവൂർ PWD വിഭാഗം തയ്യാറാക്കിയ പ്ലാൻ ലഭ്യമായിട്ടുണ്ട്. അൺഫിറ്റായ പഴയ കെട്ടിടങ്ങൾ പൊളിച്ചു നീക്കിയിട്ടുണ്ട്. സൈറ്റ് കൈമാറുന്നതിന് പെരുമ്പാവൂർ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി പൊതുമരാമത്ത് വകുപ്പ് പെരുമ്പാവൂർ ഡിവിഷൻ ആണ്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

5. കുടുംബാരോഗ്യകേന്ദ്രം, മഴുവന്നൂർ :
മഴുവന്നൂർ കുടുംബാരോഗ്യകേന്ദ്രത്തിനു കീഴിലുള്ള നെല്ലാട് സബ്സെന്റർ നിർമ്മാണത്തിനായി 18 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, വടവുകോട് ബ്ലോക്ക് ആണ്.
കുടുംബാരോഗ്യകേന്ദ്രം, മഴുവന്നൂർ -യിൽ ഇലക്ട്രിക് ഫിറ്റിംഗ്സ് വർക്കുകൾ അന്തിമഘട്ടത്തിലാണ്. പ്ലംബിഗ്, പെയിൻറിംഗ് ജോലികൾ പൂർത്തിയായി വരുന്നു.

| | | | |
|---|---|---|---|
| | | | 6. പ്രാഥമികാരോഗ്യകേന്ദ്രം, പട്ടിമറ്റം :<br>പുതിയ ഒ.പി. കെട്ടിട നിർമ്മാണത്തിനായി അഗാപെ ഡയഗ്നോസ്റ്റിക്കിന്റെ സി.എസ്.ആർ. ഫണ്ട് ആയി 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നിർവ്വഹണ ഏജൻസി അഗാപെ ഡയഗ്നോസ്റ്റിക് ആണ്.<br>പട്ടിമറ്റം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഫയർ, ഇലക്ട്രിക്കൽ, പ്ലംബിഗ്, പെയിന്റിംഗ് ജോലികൾ പൂർത്തിയായി വരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ച തുക എത്രയെന്നും നിർവ്വഹണ ഏജൻസികൾ ഏതെല്ലാമാണെന്നും വെളിപ്പെടുത്താമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (സി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പഴയ കെട്ടിടം പൊളിച്ചുനീക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | കുമാരപുരം കുടുംബാരോഗ്യകേന്ദ്രത്തിൽ അൺഫിറ്റായ കെട്ടിടങ്ങൾ പൊളിച്ചു നീക്കിയിട്ടുണ്ട്. സൈറ്റ് കൈമാറുന്നതിന് പെരുമ്പാവൂർ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കുന്നത്തുനാട് മണ്ഡലത്തിൽ എൻ എച്ച് എം മുഖേനെ നടപ്പിലാക്കി വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തുക | ഏജൻസി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| **(I) ആർദ്രം പദ്ധതി – പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ** | | | | |
| 1 | പ്രാഥമിക ആരോഗ്യ കേന്ദ്രം പട്ടിമറ്റം | 15,50,000 | HLL | ഡി. പി. ആർ. തയ്യാറാക്കി കൊണ്ടിരിക്കുന്നു |
| 2 | പ്രാഥമിക ആരോഗ്യ കേന്ദ്രം പൂതൃക്ക | 15,50,000 | HLL | ഡി. പി. ആർ. തയ്യാറാക്കി കൊണ്ടിരിക്കുന്നു |
| **( II ) സബ്സെന്ററുകളെ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളാക്കി ഉയർത്തൽ** | | | | |
| 1 | സബ്സെന്റർ വാഴക്കുളം | 7,00,000 | SILK | നിർമ്മാണ പ്രവർത്തി പുരോഗമിക്കുന്നു |
| 2 | സബ്സെന്റർ ചെങ്ങറ | 7,00,000 | LSGD | ടെൻഡറിങ് പൂർത്തിയായി. |
| 3 | പൂതൃക്ക മെയിൻ സെന്റർ | 55,00,000 | LSGD | നവീകരണ പ്രവൃത്തികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ പുതിയ കെട്ടിടത്തിന് 15 ാം ധനകാര്യ കമ്മിഷനിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| 4 | സബ്സെന്റർ കടമറ്റം | 7,00,000 | LSGD | നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 5 | സബ്സെന്റർ കവുങ്ങാപറമ്പ് | 7,00,000 | LSGD | നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 6 | സബ്സെന്റർ അമ്പലമുകൾ | 7,00,000 | LSGD | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 7 | സബ്സെന്റർ വെമ്പിള്ളി | 7,00,000 | LSGD | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 8 | സബ്സെന്റർ വളയംചിറങ്ങര | 55,00,000 | LSGD | നവീകരണ പ്രവൃത്തികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ പുതിയ കെട്ടിടത്തിന് 15 ാം ധനകാര്യ കമ്മിഷനിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| 9 | സബ്സെന്റർ ക്കൂഴൂർ | 7,00,000 | LSGD | നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 10 | സബ്സെന്റർ വാഴക്കുളം സൗത്ത് | 7,00,000 | LSGD | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 11 | പട്ടിമറ്റം മെയിൻ സെന്റർ | 7,00,000 | LSGD | ടെൻഡറിങ് പൂർത്തിയായി. |
| 12 | സബ്സെന്റർ | 7,00,000 | LSGD | നിർമ്മാണ പ്രവൃത്തി |

| | | | | |
|---|---|---|---|---|
| | കറുകപ്പിള്ളി | | | ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. |
| 13 | സബ്സെന്റർ പാങ്ങോട് | 7,00,000 | LSGD | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 14 | സബ്സെന്റർ മങ്ങാട്ടൂർ | 7,00,000 | LSGD | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 15 | മെയിൻ സെന്റർ കടയിരിപ്പ് | 7,00,000 | LSGD | ഡി. പി. ആർ. തയ്യാറാക്കി കൊണ്ടിരിക്കുന്നു |
| 16 | സബ്സെന്റർ ഞാറള്ളൂർ | 7,00,000 | LSGD | നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 17 | സബ്സെന്റർ കുട്ട | 7,00,000 | LSGD | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 18 | സബ്സെന്റർ ബ്രഹ്മപുരം | 7,00,000 | LSGD | നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 19 | സബ്സെന്റർ കരിമുകൾ | 7,00,000 | LSGD | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 20 | മെയിൻ സെന്റർ കുമാരപുരം | 7,00,000 | LSGD | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 21 | മെയിൻ സെന്റർ മഴുവന്നൂർ | 7,00,000 | LSGD | നവീകരണ പ്രവൃത്തികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ പുതിയ കെട്ടിടത്തിന് 15 ാം ധനകാര്യ കമ്മിഷനിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് |

(signature)

**സെക്ഷൻ ഓഫീസർ**